
5680
ദേശീയഗാനം

5680

ഭാരത

ദേശീയഗാനം

1475

(Malayalam)

DESIYAGANAM

By DR. P. K. NARAYANA PILLAI, M. A., Ph. D.

First Published 1955

Reprinted October 1968

Printed at

INDIA PRESS, KOTTAYAM

Price Re. 0.75

Rights Reserved

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

ഭാരത
ദേശീയഗാനം

ഡോക്ടർ പി. കെ. നാരായണപിള്ള
എം. എ., പിഎച്ച്. ഡി.



വിതരണം
നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം
വില ക. 0.75

ഡാ. പി. കെ.യുടെ

ചില മലയാളകൃതികൾ

വിചിത്രവിപിനം
സംസ്കൃതസാഹിത്യപ്രണയികൾ
പ്രാചീനമണിപ്രവാളം
ഹരിനാമകീർത്തനം—തത്വദീപിക
ചെല്ലൂർനാഥസ്തവം വ്യാഖ്യാനം
ഭാഗവതകഥകൾ
ദേശീയഗാനം—ഒരു പഠനം
സാഹിതീകടാക്ഷം
മയൂരസന്ദേശം—കേരളഹൃദയം
ചിന്താരത്നം—സംശോധിതസംസ്കരണം
വീരജനനി (നാടകം)
ആശാന്റെ ഹൃദയം

S972 D68/68–69 2–2000 MY 204

ഭാരത
ദേശീയഗാനം

ചരിത്രം

ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിന്റെ 28–ാമത്തെ വാഷ്കികം 1911–ൽ കൽക്കട്ടയിൽവച്ച് ആഘോഷിക്കപ്പെട്ട. സമ്മേളനത്തിലെ ഒന്നാംദിവസത്തെ പരിപാടികളും പതിവുപോലെ ബങ്കിമചന്ദ്രന്റെ 'വന്ദേമാതര'ഗാനത്തോടുകൂടി സമാരബ്ധമായി. എന്നാൽ രണ്ടാം സമ്മേളനത്തിലെ (1911–12–27) നാന്ദീധ്വനി മുഴക്കിയതു ഗംഭീരവും ഗഹനസുന്ദരവുമായ മറെറാരു ഗാനമായിരുന്നു. ആ സന്ദർഭത്തിലേക്കായി പ്രത്യേകം രചിച്ചതായിരുന്നു ആ ഗാനം. സംഗീതവിദഗ്ധനായ ദിനേന്ദ്രനാഥടാഗോറിന്റെ നേതൃത്വത്തിലുള്ള ഒരു ഗായകസംഘമായിരുന്നു ആ ഗീതത്തിന്റെ മന്ദ്രമായ ധ്വനിയിൽ ഭാരതത്തെ ആദ്യമായി ആറാടിച്ചതു്. മധുരവും ഗംഭീരവുമായ സ്വരധോരണിയോടുകൂടെ പ്രവഹിച്ച ആ ഗാനനിർഝരി ശ്രോതാക്കളെ ഹഠാദാകഷ്ിച്ചു. അവരുടെ ഹൃദയത്തിൽ ദേശീയബോധം തിരതല്ലി; അന്തർമണ്ഡലത്തിൽ ഏതോ ഒരു നവോന്മേഷം സംജാതമായി. അന്യാദൃശമായ ആ അനുഭൂതിവിശേഷത്തിനു വശഗരായി അവർ ബാഷ്പധാരയൊഴുക്കി. ആഷ്കവി ശ്രീ രവീന്ദ്രനാഥടാഗോറിനേറതായിരുന്ന ആ ഗാനം. ആ ഗാനമത്രെ ഭാരതത്തിന്റെ ഇന്നത്തെ ദേശീയഗാനം.

ബ്രഹ്മസമാജക്കാരുടെ 1912–ലെ മാഘോത്സവം ആഘോഷിച്ചതു ടാഗോറിന്റെ ഗൃഹത്തിൽവച്ചായിരുന്നു. അന്നു മഹാകവിയുടെ നിർദ്ദേശപ്രകാരമുള്ള സംഗീതസംവിധാനങ്ങളോടുകൂടി അദ്ദേഹത്തിന്റെ 'ജനഗണമന' ഗാനംചെയ്യപ്പെട്ട. കൂടാതെ, കല്ക്കട്ടയിൽവച്ചു് 1917–ൽ നടത്തിയ കാൺഗ്രസ്സ്വാഷ്കികസമ്മേളനത്തിലും ടാഗോറിന്റെ സാന്നിദ്ധ്യത്തിൽ ഈ ഗാനം ആലപിക്കുകയുണ്ടായി.

ടാഗോർ 1919–ൽ ദക്ഷിണേന്ത്യയിൽ പര്യടനം നടത്തിയപ്പോൾ ഡാക്ടർ കസിൻസിന്റെ ക്ഷണമനുസരിച്ചു മദനപ്പള്ളി തിയസോഫിക്കൽ കാളേജിൽ നാലഞ്ചുദിവസം താമസിച്ചു. ആ സന്ദർഭത്തിൽ മഹാകവിതന്നെ അദ്ദേഹത്തിന്റെ ഗാനം വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും മറു വിശിഷ്ടാതിഥികളും ഉൾപ്പെട്ട ഒരു സദസ്സിനെ പാടി കേൾപ്പിക്കുകയുണ്ടായി. മോഹനമായ ഗാനം; ഭാരതമഹിമ വിഷയം; പാടിയതോ രചയിതാവായ ടാഗോർതന്നെ. ആ രംഗം സദസ്സിനെ എത്രത്തോളം പുളകംകൊള്ളിച്ചിരിക്കുമെന്നു വിഭാവന ചെയ്യാമല്ലോ. സ്വരവിഭവത്തിലും അർത്ഥഗാംഭീര്യത്തിലും മതിമയ

ങ്ങിയ സദസ്യരുടെ അപേക്ഷപ്രകാരം ആ ബംഗാളിഗാനത്തിന്റെ ഇംഗ്ലീഷ്തജ്ജമ മഹാകവി തയ്യാറാക്കിക്കൊടുത്തു. 'The morning song of India' എന്നായിരുന്നു അതിനു കല്പിച്ചിരുന്ന ശീർഷകം. മദനപ്പള്ളി ക്കാളേജിലെ വിദ്യാർത്ഥികളാണ് പ്രഭാതപ്രാർത്ഥനയായി ഈ ഇംഗ്ലീഷ് തജ്ജമ ഗാനംചെയ്തുവന്നു.

ആദിബ്രഹ്മസമാജത്തിന്റെ മുഖപത്രമായിരുന്ന 'തത്വബോധിനി' പത്രികയിലാണ് 1912 ജനുവരിമാസത്തിൽ ഈ വിശിഷ്ടഗാനം പ്രഥമമായി പ്രസിദ്ധപ്പെടുത്തിയതു്. ടാഗോറിന്റെ 'ധർമ്മസംഗീതം' എന്ന കാവ്യസമാഹാരത്തിൽ ഇതു വീണ്ടും പ്രസിദ്ധീകരിക്കപ്പെട്ടു. 'ഭാരതം—വിധാതാ' എന്നും 'ബ്രഹ്മസംഗീതം' എന്നും ഉള്ള നാമധേയങ്ങളിൽ ഈ ഗാനം അറിയപ്പെട്ടിരുന്നു.

ഭാരതീയർ സ്വാതന്ത്ര്യം സമാർജ്ജിച്ചു രാജ്യാധിപത്യം കൈയേറ്റ ആ സ്മരണീയമുഹൂർത്തത്തിൽ—1947 ആഗസ്റ്റ് 14—ാംതീയതി അർദ്ധരാത്രിയിൽ—കാൺസ്റ്റിറ്റുവൻറ് അസംബ്ലിയിൽ ആലപിക്കപ്പെട്ടതു് ഈ ഗാനത്തിനു സിദ്ധിച്ച ഒരു വിലയേറിയ അംഗീകാരമായിരുന്നു.

ദേശീയഗാനം

ദേശീയപതാകയെപ്പോലെതന്നെ ദേശീയഗാനവും ഒരു സ്വതന്ത്രരാഷ്ട്രത്തിന്റെ അഭിമാനത്തിനേറെയും അന്തസ്സിനേറെയും പ്രതീകമാണ്. അതു സ്വയംപ്രതിനിധാനം ചെയ്യുന്ന രാഷ്ട്രത്തിന്റെ മാത്രമല്ല മറ്റെല്ലാ ലോകരാഷ്ട്രങ്ങളുടേയും ബഹുമാനമർഹിക്കുന്നു. അസ്വതന്ത്രമായിരുന്ന കാലത്തു ഭാരതത്തിനു സർവ്വസമ്മതവും സാർവ്വത്രികവുമായ ഒരു ദേശീയഗാനമുണ്ടായിരുന്നില്ല. എന്നാൽ രാഷ്ട്രപിതാവായ മഹാത്മജിയുടെ മഹനീയനേതൃത്വത്തിൽ ഭാരതം ഒരു സ്വതന്ത്രരാഷ്ട്രമായതോടുകൂടി നമ്മുടെ സംസ്കാരത്തിനും ഗാനവൈഭവത്തിനും അനുഗ്രഹമായ ഒരു ദേശീയഗാനം അംഗീകരിക്കേണ്ടതായിവന്നു. ആ സന്ദർഭത്തിലാണു ടാഗോറിന്റെ 'ജനഗണമന' ഗാനം ഭാരതീയരുടെ ശ്രദ്ധയെ സവിശേഷമായി ആകർഷിച്ചതു്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയാകമാനം, വിശേഷിച്ചു ബംഗാളിൽ, ദേശീയഗാനത്തെപ്പറ്റി പല അഭിപ്രായപ്രകടനങ്ങളും വാദപ്രതിവാദങ്ങളും നടന്നു. ടാഗോറിന്റെ 'ജനഗണമന' ആണോ അതോ ബങ്കിമചന്ദ്രന്റെ 'വന്ദേ മാതരം' ആണോ ദേശീയഗാനമായി സ്വീകരിക്കേണ്ടതു് എന്നതായിരുന്നു വിവാദവിഷയം. 'വന്ദേമാതര'വാദികൾ 'ജനഗണമന'ഗാനത്തെ അപലപിച്ചുകൊണ്ടു പല ദുഷ്പ്രചരണങ്ങളും നടത്തി. ഈ ഗാനം ഇൻഡ്യാചക്രവർത്തിയായ ജോർജ്ജ് പഞ്ചമനെ സ്തുതിക്കുവാൻവേണ്ടി രചിച്ചതാണെന്നും, ഈശ്വരസ്തോത്രമാകയാൽ ദേശീയഗാനമായി സ്വീകരിക്കപ്പെടാവുന്നതല്ലെ

ന്നും, എല്ലാ പ്രവിശ്യകളേയും പരാമർശിക്കാത്തതിനാൽ എല്ലാവർക്കും അംഗീകാര്യമാകയില്ലെന്നും മറുമായിരുന്ന എതിർവാദങ്ങളുടെ പോക്ക്. ഒന്നാമത്തെ അപവാദത്തിനു ടാഗോർ തന്നെ വളരെമുൻപേ സമാധാനം പറഞ്ഞിട്ടുള്ളതാണ്. ''ഈ ഗാനത്തിൽ രാഷ്ട്രങ്ങളുടെ ഉത്കർഷവും പതനവും കാരണം ബന്ധുരമായി കിടക്കുന്ന മാർഗ്ഗത്തിൽക്കൂടി മാനവഭാഗ്യത്തെ നയിക്കുന്ന ആ ചിരന്തനസാരഥിയുടെ വിജയം ഞാൻ പ്രകീർത്തിച്ചു. യുഗയുഗാന്തരങ്ങളായി മാനവഭാഗ്യത്തെ വിധാനംചെയ്യുന്നതു ജോർജ്ജ് അഞ്ചാമനോ ആറാമനോ മറേറതെങ്കിലും ഒരു ജോർജ്ജാ ആകാൻ ഒരിക്കലും തരമില്ല'' എന്നിങ്ങനെ 1937–ൽ അദ്ദേഹം പ്രസ്താവിച്ചിരുന്നു. ആദ്ധ്യാത്മികസംസ്കാരത്തിന്റെ വിളനിലമായ ഭാരതത്തിലെ ദേശീയഗാനത്തിൽ രാഷ്ട്രീയമായ അഭിമാനവും പ്രബുദ്ധതയും തിരതല്ലുന്നതോടുകൂടി ജാതിമതാതീതമായ ഈശ്വരസ്മരണ സ്ഫുരിക്കുന്നതു് ഒരു ന്യൂനതയാണെന്നു പറയുന്നതു തികച്ചും അനാദരണീയമല്ലെ? ഈ ഗാനത്തിൽ ഇന്ത്യയിലെ ജനങ്ങളുടേയും പ്രവിശ്യകളുടേയും പ്രകൃതിഘടകങ്ങളുടേയും ഒരു സമഗ്രമായ പട്ടിക തയ്യാറാക്കുവാൻ ടാഗോർ ശ്രമിച്ചിട്ടില്ല. എന്നാൽ ഭൂമിശാസ്ത്രപരമായ മഹത്വവും ഐക്യബോധവും ഇതിൽ പ്രതിഫലിപ്പിക്കുന്നതിൽ ഭാവനാസമ്പന്നനായിരുന്ന ആ മഹാകവി പൂർണ്ണമായി വിജയിച്ചിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ എതിർവാദികളുടെ ആക്ഷേപങ്ങളെല്ലാം അർത്ഥമില്ലാത്തവയായിരുന്നെന്നു കാണുവാൻ ആർക്കാണു വിഷമം?

പ്രധാനമന്ത്രിയുടെ പ്രസ്താവന

വിശ്വവിശ്രുതനും വശ്യവചസ്സുമായിരുന്ന നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1948 ആഗസ്റ്റ് 25–ാംതീയതി ഇന്ത്യൻ പാർലമെൻറിൽ ദേശീയഗാനത്തെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചു:

''1947 ആഗസ്റ്റ് 15–ാംതീയതിക്കു (ഒന്നാമത്തെ സ്വാതന്ത്ര്യദിനം) ശേഷം ഗായകസംഘത്തിനു് (ഓർക്സ്ട്രയും ബാൻഡും) ഗാനം ചെയ്യുവാനുള്ള ദേശീയഗാനം പ്രധാനമായ ഒരു പ്രശ്നമായിത്തീർന്നു. നമ്മുടെ സംരക്ഷണവകുപ്പുകാര്യം, വിദേശങ്ങളിലുള്ള എംബസികാര്യം, സ്ഥാനപതിമന്ദിരങ്ങാര്യം തുടങ്ങിയ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതു പരമപ്രാധാന്യമുള്ളതായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും വിദേശങ്ങളിൽ നമ്മുടെ പട്ടാളബാൻഡുകാർ 'God Save The King' എന്ന ബ്രിട്ടീഷ്ദേശീയഗാനം ആലപിക്കുന്നതു പ്രത്യക്ഷത്തിൽ അനുചിതമായിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഏതു ഗീതമാണു ഗാനംചെയ്യേണ്ടതെന്നു നമ്മോടു് അവർ ചോദിച്ചുകൊണ്ടിരുന്നു. നമുക്കു് ഇതിനു് ഒരുത്തരം കൊടുക്കുവാൻ സാധിച്ചില്ല. എന്തു

കൊണ്ടെന്നാൽ കാൺസ്റ്റിറ്റുവൻറ് അസംബ്ലിക്കു മാത്രമേ ഇതേസംബന്ധിച്ച് ഒരു അവസാനതീരുമാനം ചെയ്യുവാൻ അധികാരമുണ്ടായിരുന്നുള്ളൂ.

'ജനഗണമന' ഗാനം തെക്കുകിഴക്കേ ഏഷ്യയിൽ ഐ.എൻ.എ. ക്കാർ അല്പമായ വ്യത്യാസത്തോടുകൂടി ദേശീയഗാനമായി സ്വീകരിച്ചു.[1] അതിനുശേഷം ആ ഗാനത്തിനു് ഇൻഡ്യയിലും കൂടെ പ്രചാരം സിദ്ധിച്ചു.

ന്യൂയോക്കിൽവച്ചു് 1947–ൽ ഐക്യരാഷ്ട്രങ്ങളുടെ സമ്മേളനം നടന്നപ്പോഴും ഈ പ്രശ്നം പരമകോടിയിലെത്തി. ഒരു നിശ്ചിതസന്ദർഭത്തിൽ ഓർക്സ്ട്രയിൽ പാടുവാനായി ഭാരതദേശീയഗാനം വേണമെന്നു ഭാരവാഹികളും നമ്മുടെ പ്രതിനിധികളോടു് ആവശ്യപ്പെട്ടു. അവരുടെ കൈവശം 'ജനഗണമന'യുടെ ഒരു 'റെക്കാഡ്' ഉണ്ടായിരുന്നു. ഓർക്സ്ട്രയ്ക്കു് അഭ്യസിക്കുവാനായി അവർ അതു കൊടുത്തു. പ്രസ്തുതഗാനം ഒരു മഹാസദസ്സിന്റെ മുൻപിൽ ആലപിച്ചപ്പോഴും അതു വളരെയധികം ആസ്വദിക്കപ്പെട്ടു. വിശിഷ്ടവും സമുന്നതവുമായി അനുഭവപ്പെട്ട ആ ഗാനത്തിന്റെ പൂർണ്ണമായ രംഗസംവിധാനം പല രാഷ്ട്രങ്ങളുടേയും പ്രതിനിധികളും ആവശ്യപ്പെടുകയുംചെയ്തു. 'ജനഗണമന'യുടെ ആ ഓർക്സ്ട്രാഗാനം റെക്കാർഡുചെയ്തു് ഇന്ത്യയിലേക്കു് അയച്ചുതരപ്പെട്ടു. നമ്മുടെ സംരക്ഷണവകുപ്പുകളിലെ ബാൻഡുകാരുടെ ഇടയിൽ ഈ ഗാനാലാപം കൂടുതൽ കൂടുതൽ പ്രചരിച്ചുതുടങ്ങി. കൂടാതെ വിദേശഎംബസികളും സ്ഥാനപതിമന്ദിരങ്ങളും യഥാവസരം ഈ ഗാനം ഉപയോഗപ്പെടുത്തുകയും ചെയ്തുവന്നു. വിദഗ്ധന്മാരും അല്ലാത്തവരും മറ്റും പല ദേശീയഗാനങ്ങളേക്കാളും മികച്ചതാണെന്നു സമ്മതിച്ച ഈ ഗാനത്തെപ്പറ്റി പല രാജ്യങ്ങളിൽനിന്നും ആസ്വാദനവും അഭിനന്ദനവും രേഖപ്പെടുത്തുന്ന സന്ദേശങ്ങളും നമുക്കു ലഭിച്ചുകൊണ്ടിരുന്നു. [2]ഇൻഡ്യയിലും പുറത്തുമുള്ള പല വിദഗ്ധസംഗീതജ്ഞന്മാരും പല ബാൻഡുകാരും ഓർക്സ്ട്രക്കാരും ഇതു് അഭ്യസിക്കുവാൻ തുടങ്ങി. അവർ ഇതിൽ ചില ഭേദഗതികളും വരുത്തി. ഇതിന്റെ ഫലമായി ആലം ഇൻഡ്യാ റേഡിയോയ്ക്കു് ഈ ഗാനത്തിന്റെ ഒട്ടനേകം പാഠങ്ങളും ശേഖരിക്കുവാൻ കഴിഞ്ഞു.

ഈ ഗാനത്തിനു ലഭിച്ച അഭിനന്ദനപൂർവ്വകമായ സ്വീകരണമിരിക്കട്ടെ. അതിനെ വിഗണിച്ചാൽത്തന്നെയും, അന്നു നമുക്കു മറ്റൊരു

---

1 നേതാജി സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച ആസാദ് ഹിന്ദ് ഗവണ്മെൻറിന്റെ ദേശീയഗാനം, 'ജനഗണമന'യും അതിന്റെ ഹിന്ദി തർജ്ജമയും ആയിരുന്നു. ഈ ഗാനം അഭ്യസിക്കുന്നതിൽ ഐ. എൻ. എ. യിലെ ബാൻഡുകാർക്കു നേതാജിതന്നെ നേരിട്ടു ചില നിർദ്ദേശങ്ങളും നല്കിയിരുന്നതായ്രേ. ജർമ്മനിയിൽവച്ചും അദ്ദേഹം ഈ ദേശീയഗാനം പാടിവന്നിരുന്നു.

2 ജർമ്മൻകാരും ജപ്പാൻകാരും അവരവരുടെ ദേശീയഗാനത്തെപ്പറ്റി അതിരുകവിഞ്ഞ അഭിമാനമുള്ളവരാണു്. അവർപോലും ഈ ഗാനം അവരുടെ ഗാനത്തേക്കാളും ഒരു തരത്തിലും താഴ്ന്നതല്ലെന്നു നേതാജിയോടു പറഞ്ഞിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.

5680

ദേശീയഗാനം തിരഞ്ഞെടുക്കുവാൻ വലിയ സാധ്യതയൊന്നും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ വിദേശങ്ങളിലേക്ക് അയച്ചുകൊടുക്കത്തക്ക മറെറാരു ദേശീയഗാനത്തിനേറെയും സംഗീതപരമായ സംസ്മരണം നമുക്ക് അന്ന സുലഭമല്ലായിരുന്നു.

ആ ഘട്ടത്തിൽ 'ജനഗണമന'യോ മറേറതെങ്കിലും ഒരു ഗീതമോ ദേശീയഗാനമായി സ്വീകരിക്കുന്നതിനെപ്പററി വിവിധപ്രദേശങ്ങളിലെ ഗവണ്മെന്റുകളുടെ അഭിപ്രായം ഞാൻ എഴുത്തുമൂലം ആരാഞ്ഞു. മറുപടി അയയ്ക്കുന്നതിനു മുൻപു തങ്ങളുടെ മുഖ്യമന്ത്രിമാരോടു പര്യാലോചിക്കണമെന്നും ഞാൻ അവരോട് ആവശ്യപ്പെട്ടിരുന്നു. അവസാനതീരുമാനം ചെയ്യേണ്ടതു് കാൺസ്റിറവുവൻറ് അസംബ്ലിയാണെന്നും എന്നാൽ വിദേശങ്ങളിലെ എംബസികളിലേക്കും സംരക്ഷണവകുപ്പുകളിലേക്കും ചില നിർദ്ദേശങ്ങളും കൊടുക്കേണ്ടതു് അനിവാര്യമായിരുന്നതിനാൽ ഒരു താല്ക്കാലികതീരുമാനം അത്യന്താപേക്ഷിതമായിത്തീർന്നിരുന്നുവെന്നും ഞാൻ വ്യക്തമാക്കിയിരുന്നു. ഒരു ഗവണ്മർ (മധ്യപ്രദേശം) ഒഴിച്ചു മറെറല്ലാവരും 'ജനഗണമന'യുടെ അംഗീകാരം അറിയിക്കുകയുണ്ടായി. അതേത്തുടർന്നു മന്ത്രിസഭ ഈ പ്രശ്നത്തെ സംബന്ധിച്ചു വേണ്ടവണ്ണം പര്യാലോചിക്കുകയും കാൺസ്റിറവുവൻറസംബ്ലി അവസാനമായി ഒരു തീരുമാനം കൈക്കൊള്ളുന്നതുവരെ താല്ക്കാലികമായി 'ജനഗണമന'യെ ദേശീയഗാനമായി സ്വീകരിക്കാമെന്നു തീരുമാനിക്കുകയുംചെയ്തു. ഇതനുസരിച്ചു പ്രാദേശികഗവണ്മെന്റുകൾക്കു നിർദ്ദേശവും നല്കി.....

ദേശീയഗാനത്തെ സംബന്ധിച്ചിടത്തോളം ശബ്ദധാടിയാണ് അർത്ഥപുഷ്ടിയേക്കാളും പ്രധാനമെന്നും ഈ ശബ്ദധാടി ഭാരതീയസംഗീതത്തിനേറ വൈഭവത്തെ പൂർണ്ണമായും, പാശ്ചാത്യസംഗീതത്തിനേറ വൈഭവത്തെ അല്പമായെങ്കിലും, പ്രതിനിധാനം ചെയ്യണമെന്നും അഭിപ്രായമുണ്ടായിരുന്നു. അങ്ങനെയാണെങ്കിൽ വിദേശങ്ങളിൽ ഗാനംചെയ്യുന്നതിനും അതു് അനുഗ്രഹണമായിരിക്കുമല്ലോ. ദേശീയഗാനത്തിന്റെ യഥാർത്ഥമായ പ്രാധാന്യം മിക്കവാറും സ്വദേശത്തേക്കാളധികം വിദേശങ്ങളിലാണ്. 'ജനഗണമന' ഗാനം വിദേശങ്ങളിൽ ആസ്വദിക്കപ്പെടുകയും ശ്ലാഘിക്കപ്പെടുകയും ചെയ്യുന്നു എന്നാണു കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ കാട്ടിത്തരുന്നതു്. ആ ഗാനം വളരെ പ്രത്യേകതയുള്ളതാണ്; അതിൽ എന്തോ ഒരു ജീവനും ചലനവും ഉണ്ടു്. വന്ദേമാതരഗാനത്തിനു വലിയ ആകർഷകത്വവും ചരിത്രപ്രാധാന്യവും ഉണ്ടെങ്കിലും അതു വിദേശങ്ങളിലെ ഓർക്സ്ട്രായ്ക്കു ചേർന്നതല്ലെന്നും അതിൽ വേണ്ടുവോളം ചലനമില്ലെന്നും ചിലർക്കു് അഭിപ്രായം തോന്നി. അതിനാൽ 'വന്ദേമാതര'ഗാനം ഇന്ത്യയിലെ ഏറവും വിശിഷ്ടമായ രാഷ്ട്രീയഗീതമായി ബഹുമതിക്കപ്പെടുന്നതോടൊപ്പം ദേശീയഗാനമായിരിക്കേണ്ടതു് 'ജനഗണമന' തന്നെ വേണമെന്ന അഭിപ്രായം രൂപംകൊണ്ടു.'' (ഹിന്ദുസ്ഥാൻ സ്റാൻഡാർഡ്, 26–8–48)

വിശ്വസംസ്കാരവും ഭാരതീയാദർശവും ഭാവനാമധുരമായി കളിയാടുന്നതും സാഹിത്യകികമായ സംഗീതസാരം പ്രസരിക്കുന്നതുമായ ഈ ഗാനതല്ലജത്തെ വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് 1950 ജനുവരി 24–ാംതീയതി കാൺസ്റ്റിറ്റുവൻറ് അസംബ്ലി നമ്മുടെ ദേശീയഗാനമായി അംഗീകരിച്ചു. അതോടുകൂടി ഈ ഗാനം ലോകചരിത്രത്തിലെ വിലയേറിയ ഒരു പ്രമാണമായിത്തീരുകയുംചെയ്തു.

പ്രതിപാദ്യം

ഏതു ഭാരതീയനിലും രാജ്യസ്നേഹവും രാജ്യാഭിമാനവും വർദ്ധിപ്പിക്കുന്ന ഒരു വിശിഷ്ടഗീതമാണ് 'ജനഗണമന'. ഭാരതത്തിന്റെ മഹത്വത്തേയും വിജയത്തേയും വാഴ്ത്തുന്ന ഒരു ഗാനമെന്നാണു സി. ആർ. ദാസ് ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതു്. ദേശാഭിമാനംകൊണ്ട പ്രചോദിതനായ ടാഗോർ ഇതുപോലെ പല ഗാനങ്ങളും എഴുതിയിട്ടുണ്ട്. അവയെപ്പറ്റി പൊതുവേ രാമാനന്ദചാറ്റർജി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''അദ്ദേഹത്തിന്റെ രാഷ്ട്രീയഗാനങ്ങൾക്കെല്ലാം ഒരു പ്രത്യേകതയുണ്ട്. അവയിൽ ചിലതു മാതൃഭൂമിയെ നമ്മുടെ ഹൃദയക്ഷേത്രങ്ങളിലെ ഇഷ്ടദേവതയായി പ്രതിഷ്ഠിക്കുന്നു. മറ്റുചിലതു് ആശയും, പ്രവർത്തിക്കുവാനും സാഹസപ്പെടുവാനും സഹിക്കുവാനുമുള്ള മനശ്ശക്തിയും നല്കി, തളർന്നുപൊയ്ക്കൊണ്ടിരിക്കുന്ന നമ്മുടെ ആത്മാവിനെ ഉന്നമിക്കുവാൻ ആഹ്വാനം ചെയ്യുന്നു.''

രാഷ്ട്രീയമായ അഭിമാനത്തിനു സ്വരാജ്യത്തിന്റെ പ്രകൃതിവിഭവത്തേയും ജനവിഭാഗങ്ങളേയുംപറ്റിയുള്ള ബോധം സഹായം മാത്രമല്ല അനുപേക്ഷണീയംതന്നെയാണു്. ടാഗോർതന്നെ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക: ''നാം ഇന്നു് രാഷ്ട്രീയബോധം എന്ന പദം ധാരാളമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഭൂമിശാസ്ത്രപരമായും നരവംശപരമായുമുള്ള അനുഭൂതിയില്ലാതെ എന്തൊരു രാഷ്ട്രീയബോധമാണു് ഉണ്ടാകുക?'' മഹാകവിയുടെ സുദൃഢമായ ഈ വിശ്വാസത്തിൽ നിന്നും ഉടലെടുത്തതാണു് പ്രകൃതഗാനത്തിന്റെ ആദ്യത്തെ രണ്ടു ചരണങ്ങളും. ഒന്നാമത്തേതിൽ പഞ്ചാബ്, മഹാരാഷ്ട്രം, ബംഗാളം, ദ്രാവിഡം മുതലായ പ്രദേശങ്ങളും വിന്ധ്യൻ, ഹിമാചലം എന്നീ പർവ്വതങ്ങളും യമുനാ, ഗംഗാ എന്നീ നദികളും ഇന്ത്യയെ വലയംചെയ്യുന്ന സമുദ്രവും പരാമർശിക്കപ്പെട്ടിരിക്കുന്നു. പ്രദേശങ്ങളെപ്പറ്റിയുള്ള പരാമർശം പ്രാദേശികജനതകളെക്കൂടി ലക്ഷീകരിക്കുന്നതാണു്. രണ്ടാമത്തേതിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മഹമ്മദീയർ തുടങ്ങിയ വിഭിന്ന മതക്കാരെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു. ഭാരതത്തിന്റെ പ്രകൃതിസന്നിവേശത്തിലും ജനതയുടെ വസ്ത്രസംസ്കാരാദികളിലും കാണുന്ന വൈവിധ്യം ഇവിടെ അംഗീകരിച്ചിരിക്കുന്നതോടുകൂടി രാഷ്ട്രീയമാ

യ ഐക്യത്തിന്റെ ദാർഢ്യത്തെ സുസ്ഥാപിതമാക്കുകയും ചെയ്തിരിക്കുന്നു. പർവ്വതം, നദി എന്നിങ്ങനെയുള്ള പ്രകൃതിദത്തങ്ങളായ അതിരുകളും പ്രാദേശികസവിശേഷതകളും വിഭിന്നമതങ്ങളും ഉണ്ടായിരുന്നിട്ടും ഭാരതത്തിന്റെ മൗലികമായ ഐക്യം അഭംഗുരമായി പരിലസിക്കുന്നു എന്ന വസ്തുത ഇതിൽ അഭിവ്യഞ്ജിക്കുന്നു. മാത്രമല്ല പ്രാദേശികവും സാമുദായികവും മതപരവുമായ എല്ലാ വ്യത്യാസങ്ങളേയും വിസ്മരിച്ചു നമ്മുടെ മാതൃഭൂമിയുടെ ഉത്കർഷത്തിനുവേണ്ടി പ്രയത്നിക്കാനുള്ള ഒരു ആഹ്വാനവും ഈ ദ്വിതീയചരണത്തിൽ മുഴങ്ങിക്കേൾക്കുന്നു.

പ്രസ്തുത ചരണത്തിൽ പാശ്ചാത്യരും പൗരസ്ത്യരുമായ മറ്റെല്ലാ ജനതകളും പരാമൃഷ്ടരായിരിക്കുന്നു. അവരും ഭാരതീയരോടൊപ്പം ഭാരതഭാഗ്യവിധാതാവിന്റെ സിംഹാസനത്തെ ഭക്തിബഹുമാനപുരസ്സരം വലയംചെയ്യുന്നതായിട്ടാണ് കവിയുടെ ഭാവന. ഭാരതത്തിന്റെ മഹത്വവും അന്താരാഷ്ട്രീയമായ സമത്വവും സൗഹാർദ്ദവും ഈ ഭാവനയിൽ സ്പുടമായി പ്രതിഫലിക്കുന്നുണ്ടല്ലോ.

അനന്തമായ കാലപഥത്തിലൂടെ പ്രയാണംചെയ്യുന്ന മനുഷ്യവർഗ്ഗത്തേയും അതിന്റെ നായകനും രക്ഷിതാവുമായ സർവ്വശക്തനേയും അടുത്ത രണ്ടു ചരണങ്ങളിൽ സ്മരിച്ചിരിക്കുന്നു. വിശ്വവ്യാപിയായ ഈ മഹാശക്തിയാണ് മനുഷ്യജീവിതം ചൈതന്യപൂർണ്ണമാക്കുന്നത്; മാനവവംശത്തിനു ശോഭനമായ ജീവിതമാർഗ്ഗം നിർദ്ദേശിക്കുന്നത്. ദാരുണങ്ങളായ ദുരിതങ്ങളെ തരണംചെയ്യുവാനുള്ള പ്രചോദനവും ഈ മഹാശക്തിയിൽനിന്നാണ് മനുഷ്യനു ലഭിക്കുന്നത്. ഭാരതം രാഷ്ട്രീയപാരതന്ത്ര്യംനിമിത്തം നിർജ്ജീവമായപ്പോഴും അതിനെ ഒരു മാതാവിന്റെ വാത്സല്യത്തോടുകൂടി കാത്തുരക്ഷിച്ചത് ഈ അനന്തശക്തിതന്നെയാണ്. ഏതാദൃശമായ ആശയപ്രവാഹത്തിൽ കവിയുടെ മനുഷ്യസ്നേഹം പ്രതിബിംബിച്ചുകാണുന്നു. മനുഷ്യസ്നേഹമാണല്ലോ ഭാരതത്തിന്റെ സംസ്കാരസാരം.

ആശയും ആനന്ദവും നിറഞ്ഞ ഒരു അന്തരീക്ഷത്തിലേക്കാണ് സമാപനചരണം നമ്മെ നയിക്കുന്നത്. സർവ്വമംഗളപ്രദമായ ആ വിശ്വശക്തിയുടെ അനുഗ്രഹംകൊണ്ടു ഭാരതം സ്വാതന്ത്ര്യത്തിലേക്കും സൗഭാഗ്യത്തിലേക്കും ഉന്നമിക്കുന്ന മധുരമായ ഒരു ഭാവുകപ്രതീക്ഷയാണ് ആ ഗാനത്തിലെ പ്രതിപാദ്യം. ക്രാന്തദർശിയായ ടാഗോറിന്റെ ആ സ്വപ്നം സാക്ഷാത്കരിച്ചു നാം ഇന്നു ധന്യരായിത്തീർന്നിരിക്കുന്നു. ഈ സാക്ഷാത്കരണത്തിനു നേതൃത്വം നല്കിയ മഹാത്മാ ഗാന്ധി പ്രസ്തുത ഗാനത്തെ ഇങ്ങനെ പ്രശംസിച്ചുകാണുന്നു: ''പ്രചോദനകരമായ ഈ സംഗീതം ആയിരമായിരം കണ്ണുങ്ങളിലൂടെ എത്രയോ പ്രാവശ്യം ശ്രവണഗോചരമായി. ഇതു് ഒരു ഗാനം മാത്രമല്ല; ഭക്തിമയമായ ഒരു സൂക്തവുമാണ്.''

ഗാനവും തജ്ജമയും

ചരണം ഒന്നു്

ജനഗണമന–അധിനായക ജയ ഹേ ഭാരതഭാഗ്യവിധാതാ
പംജാബ സിന്ധു ഗുജരാട മരാഠാ ദ്രാവിഡ ഉത്കല വംഗ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ ഉച്ഛല ജലധിതരംഗ
തവ ശുഭ നാമേ ജാഗേ, തവ ശുഭ ആശിസ മാഗേ,
ഗാഹേ തവ ജയ ഗാഥാ.
ജനഗണമംഗലദായക ജയ ഹേ ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ, ജയ ജയ ജയ, ജയ ഹേ!

സർവ്വജനങ്ങളുടേയും മനസ്സിന്റെ അധിപതിയും നായകനുമായവനേ,[1] ഭാരതത്തിന്റെ ഭാഗ്യം വിധാനംചെയ്യുന്നവനേ, അവിടന്നു ജയിച്ചാലും. പഞ്ചാബ്–സിൻഡ്–ഗുജറാത്–മഹാരാഷ്ട്രം–ദ്രാവിഡം–ഒറീസ്സാ–ബംഗാളം എന്നീ പ്രദേശങ്ങളും[2], വിന്ധ്യൻ–ഹിമാലയം എന്നീ പർവ്വതങ്ങളും, യമുനാ–ഗംഗാ എന്നീ നദികളും ഇന്ത്യാസമുദ്രത്തിലെ കുതിച്ചുയരുന്ന തിരമാലകളും[3] അവിടത്തെ ശുഭകരമായ നാമത്താൽ ഉന്മേഷഭരിതങ്ങളാകുന്നു; അവിടത്തെ ശുഭാശംസകം പ്രാർത്ഥിക്കുന്നു; അവിടത്തെ വിജയഗീതങ്ങളം ഗാനംചെയ്യുന്നു.[4] സർവ്വജനങ്ങൾക്കും മംഗളം പ്രദാനംചെയ്യുന്നവനേ, ഭാരതഭാഗ്യം വിധാനംചെയ്യുന്നവനേ, അവിടന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!

ചരണം രണ്ടു്

അഹരഹ തവ ആഹ്വാനപ്രചാരിത, ശുനി തവ ഉദാരവാണി
ഹിന്ദുബൗദ്ധശിഖജൈനപാരസികമുസൽമാനഖ്രിസ്ടാനീ
പൂരബ–പശ്ചിമ ആസേ തവസിംഹാസനപാശേ,
പ്രേമഹാര ഹയ ഗാംഥാ
ജനഗണ–ഐക്യവിധായക ജയ ഹേ ഭാരതഭാഗ്യവിധാതാ.
ജയ ഹേ, ജയ ഹേ, ജയ ഹേ, ജയ ജയ ജയ, ജയ ഹേ!

അവിടത്തെ ആഹ്വാനം[5] അനുദിനം (വിശ്വമെങ്ങും) പ്രചരിക്കു

---

1. സർവ്വാന്തര്യാമിയും സർവ്വനിയാമകനുമായ ജഗദീശ്വരൻ.
2. പ്രാദേശികജനതകളും ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നു.
3. ഭാരതത്തെ സംബന്ധിച്ച സർവ്വചരാചരങ്ങളും എന്നാണു് ഇവിടെ വിവക്ഷ.
4. സൗഭാഗ്യദായകമായ ആ മഹാശക്തിയുടെ നാമശ്രവണത്തിൽ ഭാരതീയരാകമാനം പ്രബുദ്ധരാകുന്നു. ആ നാമം വിന്ധ്യനിലും ഹിമാലയത്തിലും മറ്റും പ്രതിധ്വനിക്കുന്നു. യമുന, ഗംഗ തുടങ്ങിയ നദികളുടെ ആരവത്തിൽ അതു് അലിഞ്ഞുചേർന്നിരിക്കുന്നു. ആ നാമത്തെ ഇന്ത്യാസമുദ്രത്തിലെ തരംഗങ്ങളും പ്രകീർത്തിക്കുന്നു. ഈവിധം കവി പലതും ഇവിടെ ഭാവനചെയ്തിരിക്കുകയാണു്.
5. അന്തർഹിതമായ മഹത്തത്തിന്റെ ആകർഷണശക്തിയും ചിരന്തനമൂല്യങ്ങളുടെ സാംസ്കാരികസന്ദേശങ്ങളും.

ന്നു. അവിടത്തെ മാഹാത്മ്യമേറിയ വാക്കുകളും ശ്രവിച്ചു ഹിന്ദുക്കളും ബുദ്ധമതക്കാരും സിക്കുകാരും ജൈനന്മാരും പാഴ്സികളും മഹമ്മദീയരും ക്രിസ്ത്യാനികളും[1] പൗരസ്ത്യരും പാശ്ചാത്യരും[2] അവിടത്തെ സിംഹാസനത്തിന്റെ സമീപത്തു സമാഗതരാകുന്നു.[3] സ്നേഹഹാരങ്ങളും നിമ്മിക്കപ്പെടുന്നു.[4] സർവ്വജനങ്ങളുംകൂടി ഐകമത്യം കൈവരുത്തുന്നവനേ, ഭാരതഭാഗ്യം വിധാനംചെയ്യുന്നവനേ, അവിടുന്നു ജയിച്ചാലും! ജയിച്ചാലും ജയിച്ചാലും!

ചരണം മൂന്നു്

പതന-അഭ്യുദയ-ബന്ധുര പന്ഥാ, യുഗയുഗ ധാവിത യാത്രീ;
ഹേ ചിരസാരഥി, തവ രഥചക്രേ മുഖരിത പഥ ദിനരാത്രീ
ദാരുണ-വിപ്ലവ-മാധ്യേ തവ ശംഖധ്വനി ബാജേ,
സങ്കടദുഃഖത്രാതാ.
ജനഗണപഥപരിചായക ജയ ഹേ ഭാരതഭാഗ്യവിധാതാ
ജയ ഹേ, ജയ ഹേ, ജയ ഹേ, ജയ ജയ ജയ, ജയ ഹേ!

മാർഗ്ഗം[5] പതനവും അഭ്യുദയവും[6] കൊണ്ടു ബന്ധുര[7] മാണു്. യാത്രക്കാർ,[8] യുഗയുഗങ്ങളായി ധാവനംചെയ്തുകൊണ്ടിരിക്കുന്നു. നിത്യമായി രഥം നയിക്കുന്നവനേ,[9] അവിടത്തെ രഥത്തിന്റെ ചക്രങ്ങളിൽ നിന്നും ഉയരുന്ന ശബ്ദംകൊണ്ടു പന്ഥാവു് രാവും പകലും മുഖരിതമാകുന്നു.[10] ദാരുണമായ വിപ്ലവത്തിന്റെ മദ്ധ്യത്തിലും അങ്ങയുടെ, ആപത്തിലും ദുഃഖത്തിലും രക്ഷ നല്കുന്ന ശംഖനാദം മുഴങ്ങിക്കൊണ്ടിരിക്കുന്നു.[11] എല്ലാവരുടേയും ജീവിതത്തിൽ മാർഗ്ദർശനം ചെയ്യുന്നവനേ, ഭാരതഭാഗ്യത്തിന്റെ വിധാതാവേ, അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!

---

1. ഭാരതീയർ മുഴുവൻ ഇവിടെ സങ്കല്പിക്കപ്പെട്ടിരിക്കുന്നു.
2. ലോകത്തുള്ള മറ്റെല്ലാ ജനതകളും
3. അവിടുന്നു് ഭാരതീയരെ മാത്രമല്ല ലോകജനതകളെ മുഴുവൻതന്നെ സ്വസമീപത്തിലേക്കു സമാകർഷിക്കുന്നു.
4. ഭാരതീയരും പാശ്ചാത്യരും പൗരസ്ത്യരും അവിടത്തെ ശ്രീകോവിലിലേക്കു നിരവധി നിവേദ്യങ്ങളുമായി വരുന്നു. ഈ ഉപായനങ്ങളുംകൊണ്ടു് അവർ അവിടത്തേക്കു് സ്നേഹഹാരങ്ങളും നിമ്മിക്കുകയാണോ എന്നു തോന്നിപ്പോകും. ഇങ്ങനെയൊക്കെ കവിക്കു വിവക്ഷയുണ്ടു്.
5. മനുഷ്യജീവിതം
6. ജനതകളുടെ ഉയർച്ചയും താഴ്ചയും.
7. നിരപ്പില്ലാത്തതെന്നും സുന്ദരം എന്നും ഈ പദത്തിനർത്ഥമുണ്ടു്.
8. മനുഷ്യൻ
9. മനുഷ്യജീവിതമാകുന്ന രഥം നയിക്കുന്നവൻ.
10. പരാശക്തിയുടെ പ്രചോദനംകൊണ്ടുള്ള പുരോഗതി ജീവിതത്തെ സർവ്വദാ സജീവമാക്കുന്നു.
11. ഉത്കൃഷ്ടങ്ങളായ ഉപദേശങ്ങളും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവും നല്കി ഭഗ്നഹൃദയരായവരെ നവോന്മേഷഭരിതരാക്കുന്നു.

ചരണം നാല്

ഘോര തിമിരഘന നിബിഡ നിശീഥേ പീഡിത
മൂർച്ഛിത ദേശേ
ജാഗ്രത ഛരില തവ അവിചല മംഗല നതനയനേ
അനിമേഷേ.
ദുഃസ്വപ്നേ ആതങ്കേ രക്ഷാ കരിലേ അങ്കേ,
സ്നേഹമയീ തുമി മാതാ.
ജനഗണദുഃഖത്രായക ജയ ഹേ ഭാരതഭാഗ്യവിധാതാ
ജയ ഹേ, ജയ ഹേ, ജയ ഹേ, ജയ ജയ ജയ, ജയ ഹേ!

ഭീകരവും അന്ധകാരപൂർണ്ണവും ആയ അർദ്ധരാത്രിസമയത്തു[1] ദുഃഖിതവും നിശ്ചേതനവുമായ പ്രദേശത്തിൽ[2] അവിടത്തെ നിന്നിമേഷം പതിച്ച നയനങ്ങളിൽ അചഞ്ചലമായ ഐശ്വര്യം സജീവമായി പരിലസിച്ചിരുന്നു.[3] ദുഃസ്വപ്നങ്ങൾ കാണുമ്പോഴും ദുഃഖമനുഭവിക്കുമ്പോഴും സ്നേഹംതികഞ്ഞ മാതാവായ അവിടുന്നു മടിയിലിരുത്തി രക്ഷിച്ചു.[4] എല്ലാ ജനങ്ങളേയും ദുഃഖത്തിൽനിന്നു രക്ഷിക്കുന്നവനേ, ഭാരതഭാഗ്യം വിധാനംചെയ്യുന്നവനേ, അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!

ചരണം അഞ്ച്

രാത്രി പ്രഭാതില, ഉദില രവിച്ഛവി പൂർവ്വ-ഉദയഗിരിഭാലേ,
ഗാഹേ വിഹംഗമ, പുണ്യസമീരണ നവജീവനരസ ഢാലേ.
തവ കരുണാരുണരാഗേ നിദ്രിത ഭാരത ജാഗേ
തവ ചരണേ നത മാഥാ.
ജയ ജയ ജയ ഹേ, ജയ രാജേശ്വര, ഭാരതഭാഗ്യവിധാതാ
ജയ ഹേ, ജയ ഹേ, ജയ ഹേ, ജയ ജയ ജയ ജയ ഹേ!

രാത്രി കഴിഞ്ഞു. പ്രഭാതമായി. കിഴക്കു് ഉദയഗിരിയുടെ നെറ്റിത്തടത്തിൽ സൂര്യന്റെ കാന്തികന്ദളം ഉദിച്ചു. പക്ഷികൾ ഗാനം

---

1. നിർഭാഗ്യമായ കാലഘട്ടം.

2. സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും അധഃപതിച്ചു് ഏതാണ്ടു് നിർജ്ജീവമായ ഭാരതത്തിൽ.

3. പതിതഭാരതത്തെ സ്നേഹമസൃണമായി കടാക്ഷിച്ചപ്പോൾ ആ പരാശക്തിയുടെ നയനങ്ങളിൽ അക്ഷയമായ ഐശ്വര്യം തിളങ്ങിക്കൊണ്ടിരുന്നു. ഭാരതത്തിനു് അവിനാശിയായ ഒരു അന്തർമഹത്വം ഉണ്ടെന്നു വ്യംഗ്യം.

4. ജഗന്നായകനെ രക്ഷണകൃത്യത്തിൽ സ്നേഹസമ്പന്നയായ മാതാവായി കല്പിച്ചിരിക്കുന്നു. ബോധരഹിതമായിക്കിടക്കുന്ന ഒരു കുട്ടിയെ കണ്ണിമയ്ക്കാതെ ശുശ്രൂഷിക്കുന്ന ഒരു മാതാവിനെപ്പോലെ ആ മഹാശക്തി ദൗർഭാഗ്യഗ്രസ്തമായ ഭാരതത്തെ സംരക്ഷിച്ചു എന്നു സാരം.

ചെയ്യുന്നു. പരിശുദ്ധമായ വായു നവജീവനരസം ചൊരിയുന്നു. അവിടത്തെ കാരുണ്യത്തിന്റെ അരുണിമയിൽ,[1] ഉറങ്ങിക്കിടന്ന ഭാരതം (ഇതാ) ഉണരുന്നു[2] അവിടത്തെ പാദത്തിൽ കുമ്പിടുന്നു. രാജേശ്വരാ! ഭാരതഭാഗ്യത്തിന്റെ വിധാതാവേ, അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!

---

1. അവിടത്തെ കാരുണ്യമാകുന്ന അരുണകിരണങ്ങൾ തട്ടി.

2. രാഷ്ട്രീയപാരതന്ത്ര്യം മാറുന്നു. സ്വാതന്ത്ര്യസൂര്യൻ ഉദിക്കുന്നു. ജനങ്ങൾ സന്തോഷഭരിതരാകുന്നു. എല്ലാവർക്കും ഒരു പുതിയ ജീവൻ വീഴുന്നു. സർവ്വവിധത്തിലും നാം പ്രസന്നരും പ്രബുദ്ധരുമായിത്തീരുന്നു. ഭാരതഭാഗ്യശില്പിയായ ആ വിശ്വശക്തിയുടെ മുൻപിൽ നാം പ്രേമഭരിതരായി നമസ്കരിക്കുന്നു.

വ്യാഖ്യാനം

ചരണം ഒന്ന്

ഹേ ജനഗണമന അധിനായക	— അല്ലയോ ജനഗണമനസ്സിന്റെ അധിനായകനായിട്ടുള്ളവനേ. ജനഗണമനസ്സ് —ജനസമൂഹത്തിന്റെ (ജനതയുടെ) മനസ്സ്. അധിനായകൻ — അധിപതിയായിനയിക്കുന്നവൻ.
ഹേ ഭാരതഭാഗ്യവിധാതാ	— അല്ലയോ ഭാരതഭാഗ്യത്തിന്റെ വിധാതാവേ. ഭാരതഭാഗ്യം—ഭാരതത്തിന്റെ ഭാഗ്യം. വിധാതാവ്—വിധാനം ചെയ്യുന്നവൻ, നിർമ്മിക്കുന്നവൻ.
ജയ	— അവിടുന്ന ജയിച്ചാലും.
പഞ്ചാബ സിന്ധു ഗുജരാട മരാഠാ ദ്രാവിഡ ഉത്കല വംഗ	— പഞ്ചാബ്, സിൻഡ്, ഗുജറാത്, മഹാരാഷ്ട്രം, ദ്രാവിഡം, ഒറീസ്സാ, ബംഗാൾ എന്നീ പ്രദേശങ്ങൾ.
വിന്ധ്യ ഹിമാചല	— വിന്ധ്യൻ, ഹിമാലയം എന്നീ പർവ്വതങ്ങൾ.
യമുനാ ഗംഗാ	— യമുനാ, ഗംഗാ എന്നീ നദികൾ
ഉച്ഛല ജലധി തരംഗ	— ഉച്ഛലങ്ങളായജലധിതരംഗങ്ങൾ. ഉച്ഛലം—മേല്പോട്ട് ഇളകിമറിയുന്നത്. ജലധി—സമുദ്രം (ഇന്ത്യാ സമുദ്രം) തരംഗങ്ങൾ—തിരകൾ.
തവ	— അവിടുത്തെ
ശുഭനാമേ	— ശുഭമായ നാമത്താൽ
ജാഗേ	— ഉണരുന്നു
തവ	— അവിടുത്തെ
ശുഭ	— ശുഭമായ
ആശിസ	— ആശിസ്സുകളെ
മാഗേ	— അഭിലഷിക്കുന്നു
തവ	— അവിടുത്തെ
ജയ ഗാഥാ	— ജയഗീതങ്ങൾ
ഗാഹേ	— ഗാനം ചെയ്യുന്നു
ഹേ ജനഗണമംഗലദായക	— അല്ലയോ ജനസമൂഹത്തിനു മംഗളം പ്രദാനം ചെയ്യുന്നവനേ

ഹേ ഭാരതഭാഗ്യവിധാതാ — ഭാരതത്തിനു ഭാഗ്യമുണ്ടാക്കിക്കൊടുക്കുന്നവനേ
ജയ — അവിടുന്നു ജയിച്ചാലും
ഹേ ജയ — ,,
ഹേ ജയ — ,,
ഹേ ജയ — ,,
ജയ ജയ ജയ — അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ ജയ — അവിടുന്നു ജയിച്ചാലും!

ചരണം രണ്ടു്

തവ — അവിടുത്തെ
ആഹ്വാന — ആഹ്വാനം, വിളി
അഹരഹ — അനുദിനം
പ്രചാരിത — പ്രചാരിതം (ആകുന്നു), പ്രചരിപ്പിക്കപ്പെടുന്നു
തവ — അവിടുത്തെ
ഉദാരവാണീ — ഉദാരമായ വാണി, ഉൽകൃഷ്ടവും സുന്ദരവുമായ വാക്കുകളും
ശുനി — കേട്ടിട്ടു്
ഹിന്ദു ബൗദ്ധ ശിഖ ജൈന പാരസീക മുസൽമാന ഖ്റിസ്ടാനീ — ഹിന്ദുക്കളും, ബുദ്ധമതക്കാർ, സിക്കുകാർ, ജൈനന്മാർ, പാർസികളും, മുസൽമാൻമാർ, ക്രിസ്ത്യാനികളും.
പൂരബ—പശ്ചിമ — പൂർവ്വവും പശ്ചിമവും. പൂർവ്വം—കിഴക്കു്. പശ്ചിമം—പടിഞ്ഞാറു്, പൗരസ്ത്യരും പാശ്ചാത്യരും.
തവ — അവിടുത്തെ
സിംഹാസനപാശേ — സിംഹാസനത്തിന്റെ പാശ്വത്തിൽ. പാശ്വത്തിൽ—അടുത്തു്.
ആസേ — വരുന്നു
പ്രേമഹാര — സ്നേഹമാകുന്ന മാല; സ്നേഹസൂചകമായ മാല.
ഗാംഥാ ഹയ — ഗ്രഥനംചെയ്യപ്പെടുന്നു, കെട്ടപ്പെടുന്നു.
ഹേ ജനഗണ—ഐക്യവിധായക — അല്ലയോ ജനസമുദായൈക്യത്തിന്റെ വിധായക. വിധായകൻ—ശില്പി, ഉണ്ടാക്കുന്നവൻ.
ഹേ ഭാരതഭാഗ്യവിധാതാ — ഭാരതഭാഗ്യത്തിന്റെവിധാതാവേ.
ജയ — അവിടുന്നു ജയിച്ചാലും!

ഹേ ജയ — അവിടുന്ന ജയിച്ചാലും!
ഹേ ജയ — ,,
ഹേ ജയ — ,,
ജയ, ജയ, ജയ — അവിടുന്ന ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ ജയ — അവിടുന്ന ജയിച്ചാലും!

ചരണം മൂന്ന്

പന്ഥാ — വഴി
പതന–അഭ്യുദയ–ബന്ധുര — പതനംകൊണ്ടും അഭ്യുദയംകൊണ്ടും ബന്ധുരമാണ്. പതനം–താഴ്ച, അഭ്യുദയം–ഉയച്ച് (കുന്നും കുഴിയും). ബന്ധുരം–നിരപ്പില്ലാത്തത്, മനോഹരം.
യാത്രീ — യാത്രക്കാർ
യുഗ യുഗ — യുഗയുഗാന്തരങ്ങളായി
ധാവിത — ധാവനം ചെയ്യുന്നവരാണ്, പ്രയാണം ചെയ്യുന്നവരാണ്.
ഹേ ചിരസാരഥി — അല്ലയോ ചിരം സാരഥിയായിട്ടുള്ളവനേ. ചിരം–എല്ലാക്കാലവും, സാരഥി–തേരാളി.
തവ — അവിടുത്തെ
രഥചക്രേ — രഥത്തിന്റെ ചക്രത്താൽ രഥം–തേരു്
പഥ — വഴി
ദിനരാത്രി — രാവും പകലും
മുഖരിത — മുഖരിതമാകുന്നു. മുഖരിതം–മുഖരമാക്കിയതു്. മുഖരം–ശബ്ദമുള്ളതു്.
ദാരുണ–വിപ്ലവ–മാദ്ധേ — ദാരുണമായ വിപ്ലവത്തിന്റെ മദ്ധ്യത്തിൽ. ദാരുണം–ഭയങ്കരം.
തവ — അവിടുത്തെ
സങ്കട–ദുഃഖ–ത്രാതാ — സങ്കടത്തിലും ദുഃഖത്തിലും നിന്നു ത്രാണംചെയ്യുന്ന. സങ്കടം–ആപത്തു്, ത്രാണം–രക്ഷണം.
ശംഖധ്വനി — ശംഖനാദം
ബാജേ — മുഴങ്ങുന്നു
ഹേ ജനഗണപഥപരിചായക — അല്ലയോ ജനസമൂഹത്തിനു മാർഗ്ഗപരിചയം ഉണ്ടാക്കുന്നവനേ. മാർഗ്ഗപരിചയം–വഴിയേപ്പറ്റിയുള്ള അറിവു്.

ഹേ ഭാരതഭാഗ്യവിധാതാ — ഭാരതഭാഗ്യത്തിന്റെ വിധാതാവേ
ജയ — അവിടുന്നു ജയിച്ചാലും!
ഹേ ജയ — ,,
ഹേ ജയ — ,,
ഹേ ജയ — ,,
ജയ ജയ ജയ — അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ ജയ — അവിടുന്നു ജയിച്ചാലും!

ചരണം നാല്

ഘോര — ഭീകരവും
തിമിരഘനനിബിഡ — തിമിരംകൊണ്ടു് ഘനവും നിബിഡവും ആയ. തിമിരം—ഇരുട്ടു്. ഘനം—നിറഞ്ഞതു്. നിബിഡം—ഇടതൂർന്നതു്.
നിശിഥേ — അർദ്ധരാത്രിയിൽ; രാത്രിയിൽ
പീഡിത—മൂർച്ഛിത—ദേശേ — പീഡിതവും മൂർച്ഛിതവുമായ ദേശത്തിൽ. പീഡിതം—ദുഃഖിതം. മൂർച്ഛിതം—ബോധമില്ലാത്തതു്.
തവ — അവിടത്തെ
അനിമേഷേ — കണ്ണിമയ്ക്കാത്ത
നതനയനേ — നതങ്ങളായ നയനങ്ങളിൽ നതം—താഴോട്ടു നോക്കുന്ന. നയനം—കണ്ണു്.
അവിചല — അചഞ്ചലമായ
മംഗല — ഐശ്വര്യം
ജാഗ്രത ഛരില — ജാഗരൂകമായിരുന്നു, തിളങ്ങിക്കൊണ്ടിരുന്നു.
സ്നേഹമയി — സ്നേഹസ്വരൂപിണിയായ
മാതാ — അമ്മയായ
തുമി — അവിടുന്നു്
ദുഃസ്വപ്നേ — ദുഃസ്വപ്നത്തിലും
ആതങ്കേ — ദുഃഖത്തിലും
അങ്കേ — മടിയിൽ (വച്ചു)
രക്ഷാ — രക്ഷ, പാലനം
കരിലേ — ചെയ്തു.
ഹേ ജനഗണദുഃഖത്രായക — അല്ലയോ ജനസമൂഹത്തെ ദുഃഖത്തിൽനിന്നും രക്ഷിക്കുന്നവനേ
ഹേ ഭാരതഭാഗ്യവിധാതാ — ഭാരതഭാഗ്യത്തിന്റെ വിധാതാവേ
ജയ — അവിടുന്നു ജയിച്ചാലും!

ഹേ ജയ	— അവിടുന്നു ജയിച്ചാലും!
ഹേ ജയ	— ,,
ഹേ ജയ	— ,,
ജയ ജയ ജയ	— അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ ജയ	— അവിടുന്നു ജയിച്ചാലും!

ചരണം അഞ്ചു്

രാത്രി	— രാത്രി
പ്രഭാതില	— പ്രഭാതമായി
പൂവ്–ഉദയഗിരി ഭാലേ	— പൂവ്വുദിക്കിലുള്ള ഉദയഗിരിയുടെ ഭാലത്തിൽ. പൂവ്വുദിക്കു്–കിഴക്കേ ദിക്കു്. ഉദയഗിരി–ഉദയപർവ്വതം. ഭാലം–നെറ്റി.
രവിച്ഛവി	— രവിയുടെ ഛവി. രവി–സൂര്യൻ ഛവി–ശോഭ
ഉദില	— ഉദിച്ചു
വിഹംഗമ	— പക്ഷികൾ
ഗാഹേ	— ഗാനം ചെയ്യുന്നു
പുണ്യസമീരണ	— പരിശുദ്ധമായ വായു
നവജീവനരസ	— പുതിയ ജീവചൈതന്യം
ഢാലേ	— ചൊരിയുന്നു
തവ	— അവിടുത്തെ
കരുണാരുണ–രാഗേ	— കരുണയുടെ അരുണമായ രാഗത്തിൽ. കരുണ–കനിവു്. അരുണം–ചുവന്നതു്. രാഗം–വർണ്ണം.
നിദ്രിത	— ഉറങ്ങിക്കിടന്ന
ഭാരത	— ഭാരതം
ജാഗേ	— ഉണരുന്നു
തവ	— അവിടുത്തെ
ചരണേ	— പാദത്തിൽ
മാഥാ	— മസ്തകം, ശിരസ്സു്
നത	— നതമാകുന്നു, നമിക്കുന്നു
ഹേ ജയ ജയ ജയ	— അവിടുന്നു ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ രാജേശ്വര ജയ	അല്ലയോ രാജേശ്വരാ, ജയിച്ചാലും! രാജേശ്വരൻ–രാജാക്കന്മാരുടേയും രാജാവു്, സർവ്വേശ്വരൻ

ഹേ ഭാരതഭാഗ്യവിധാതാ	—	ഭാരതഭാഗ്യവിധാതാവേ
ജയ	—	അവിടുന്ന ജയിച്ചാലും!
ഹേ ജയ	—	,,
ഹേ ജയ	—	,,
ഹേ ജയ	—	,,
ജയ ജയ ജയ	—	അവിടുന്ന ജയിച്ചാലും! ജയിച്ചാലും! ജയിച്ചാലും!
ഹേ ജയ		അവിടുന്ന ജയിച്ചാലും!

സ്വരസംവിധാനം

പ്രഥമചരണം

സ രി ഗ ഗ	ഗ ഗ ഗ ഗ	ഗാ ഗ മ	രി ഗ മാ
ജ ന ഗ ണ	മ ന അ ധി	നാ യ ക	ജയ ഹേ
മ		സ	
ഗാ ഗ ഗ	രീ രി രി	നി രി സാ	; സാ
ഭാ ര ത	ഭാ ഗ്യ വി	ധാ–താ	; പ
സ		*	*
പാ പ പ	പ പ പ	പാ പ മ	പ മ ധ പാ
ഞ്ചാ പ സി	ന്ധു ഗ്ര ജ	രാ ട്ട മ	രാ–ട്ടാ
മാ മ മ	മാ മ ഗ	രി മ ഗാ	; ;
ദ്രാ വി ഡ	ഉത്കല	വംഗ	; ;
ഗാ ഗ ഗ	ഗാ ഗ രി	പ പ പ മ	മാ മാ
വി ന്ധ്യ ഹി	മാ ച ല	യ മു നാ–	ഗം ഗാ
		സ	
ഗാ ഗ ഗ	രി രി രി രി	നി രി സാ	; ;
ഉ ച്ഛ ല	ജ ല ധി ത	രം ഗാ	; ;
		മ	
ഗ ഗ ഗ ഗ	ഗാ ഗ മ	രി ഗ മാ	; ;
ത വ ശു ഭ	നാ മേ–	ജാ–ഗേ	; ;
മ മ		ഗ	
ഗ മ പ പ	പാ മ ഗ	രി ഗ മാ	; ;
ത വ ശു ഭ	ആ ശി സ	മാ–ഗേ	; ;
ഗാ ഗാ	രി രി രി രി	നി രി സാ	; ;
ഗാ ഹേ	ത വ ജ യ	ഗാ–ഥാ	; ;
			പ

പ പ പ പ	പ പ പ	പ പ പ	മ ധ പ മ
ജ ന ഗ ണ	മം ഗ ള	ദാ യ ക	ജ യ ഹേ
		ഗ	
മാ മ മ	ഗാ ഗ ഗ മ	രി മ ഗാ	; നി നി
ഭാ ര ത	ഭാ ഗ്യ വി	ധാ–താ	; ജയ
സ ;	; നിധ	നീ ;	; പ പ
ഹേ ;	; ജയ	ഹേ ;	; ജയ
ധാ ;	; ;	സ സ രി രി	ഗ ഗ രി ഗ
ഹേ ;	; ;	ജ യ ജ യ	ജ യ ജ യ
മാ ;			
ഹേ ;			

ദേശീയഗാനാലാപം

ഭാരതത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ മഹത്വത്തിന്റെ ചിഹ്നമാണു നമ്മുടെ ദേശീയഗാനം. ഈ ബോധത്തോടുകൂടി അതിനെ ബഹുമാനപുരസ്സരം ആദരിക്കേണ്ടതു നമ്മുടെ കർത്തവ്യമാണു്. സാധാരണഗാനങ്ങൾപോലെ കാലദേശാദി പരിഗണന കൂടാതെ പാടുവാനുള്ള ഒരു പാട്ടല്ല ഇതു്. രാഷ്ട്രീയമായോ സാമൂഹ്യമായോ പ്രാധാന്യമുള്ള സന്ദർഭങ്ങളിലേ ഈ ഗാനം ആലപിക്കാൻ പാടുള്ളൂ. സ്വരസംവിധാനമനുസരിച്ചു ശരിയായി പാടുവാൻ ശിക്ഷണം ലഭിച്ചവരായിരിക്കണം ഗായകർ. സംഘംചേർന്നു പാടുമ്പോൾ ശബ്ദങ്ങളുടെ സമരഞ്ജനത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണു്.

ദേശീയഗാനത്തിന്റെ പൂർണ്ണരൂപം അൻപതു സെക്കൻറുകൊണ്ടും, ആദ്യവരിയും അവസാനവരിയും ചേർന്ന അപൂർണ്ണരൂപം ഇരുപതു സെക്കൻറുകൊണ്ടുമാണു് ആലപിക്കുക.

പൂർണ്ണരൂപം ആലപിക്കുന്ന സന്ദർഭങ്ങൾ:

1. പ്രസിഡൻറ്, ഗവർണ്ണർ, ലെഫ്. ഗവർണ്ണർ എന്നിവർക്കു നല്കുന്ന ദേശീയാഭിവാദനം
2. പ്രസിഡന്റോ ഗവർണ്ണറോ ലഫ്. ഗവർണ്ണറോ സന്നിഹിതനാകുന്ന എല്ലാ സാമൂഹ്യചടങ്ങുകളും
3. ഒരു മന്ത്രി സന്നിഹിതനായിട്ടുള്ള ചടങ്ങുകൾ
4. പരേഡുകൾ
5. ദേശീയചടങ്ങുകൾ
6. ദേശീയപതാകയുയർത്തൽ
7. വിദ്യാലയങ്ങളിൽ ദിവസവുമുള്ള അദ്ധ്യയനാരംഭം
8. എ. ഐ. ആറിൽ പ്രസിഡൻറ് പ്രക്ഷേപണം ചെയ്യുമ്പോഴും, അന്നദിനപരിപാടികൾ സമാപിക്കുമ്പോഴും
9. ദേശീയപതാക പരേഡിൽ കൊണ്ടുവരുന്ന സന്ദർഭം
10. റെജിമെൻറൽ പതാക സമ്മാനിക്കുന്ന സന്ദർഭം
11. നേവിപതാക ഉയർത്തുന്ന സന്ദർഭം
12. വിദേശീയ ഗാനാലാപത്തിനുശേഷം

(എ) വിദേശീയരായ പ്രമാണികൾക്കു നല്കുന്ന സ്വീകരണം

(ബി) ദേശീയദിനമാചരിക്കാൻ വിദേശീയമിഷനുകൾ ഏർപ്പെടുത്തുന്ന ചടങ്ങുകൾ.

(സി) ഇൻഡ്യയിൽ വിദേശീയനായ നയതന്ത്രപ്രതിനിധിയോ കോൺസുലർ പ്രതിനിധിയോ സംഘടിപ്പിക്കുന്ന ഫിലിം പ്രദർശനം, നാടകാവതരണം തുടങ്ങിയ സാംസ്കാരികോത്സവങ്ങൾ.

അപൂർണ്ണരൂപം ആലപിക്കുന്ന സന്ദർഭങ്ങൾ:

1. മെസ്സുകളിൽ ടോസ്റ്റ് പറയുന്ന സന്ദർഭം.
2. ഗവണ്മെൻറ് വിശേഷാൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സന്ദർഭം.
3. വിശേഷാൽ സന്ദർഭങ്ങളിൽ പ്രധാനമന്ത്രിക്കുവേണ്ടി.

ദേശീയഗാനം ആലപിക്കുമ്പോൾ ശ്രോതാക്കൾ സാദരം പെരുമാറേണ്ടതാണ്. എല്ലാവരും ഒരുമിച്ചു പാടണമെന്നാണു നിയമം. ഗാനധ്വനി ശ്രവിക്കുന്ന ക്ഷണത്തിൽത്തന്നെ ഇരിക്കുന്നവരെല്ലാം എഴുന്നേറ്റു മറ്റു യാതൊരു കൃത്യത്തിലും ഏർപ്പെടാതെ നില്ക്കണം; നില്ക്കുന്നവർ സ്വസ്ഥാനത്തുനിന്നും ചലിക്കാതെ നില്ക്കണം; ചലിക്കുന്നവർ ഗാനം കേട്ടാലുടനെതന്നെ നിശ്ചലരായി നില്ക്കണം. ഗാനം അവസാനിക്കുന്നതുവരെ ഈ നിലപരിപാലിക്കേണ്ടതുമാണ്. ദേശീയഗാനാലാപസന്ദർഭത്തിൽ ഈ രീതിയിൽ സബഹുമാനം പെരുമാറുക എന്നുള്ളതു നമ്മുടെ സ്വഭാവവിശേഷമായിത്തീരേണ്ടതത്രെ.

★

Muslim H. S.
Ernakulam.
29/9/69.

ദേശീയഗാനം

ഡോ. പി. കെ. നാരായണപിള്ള

ദേശീയപതാകയെപ്പോലെതന്നെ ദേശീയഗാനവും ഒരു സ്വതന്ത്രരാഷ്ട്രത്തിന്റെ അഭിമാനത്തിന്റെയും അന്തസ്സിന്റെയും പ്രതീകമാണു്. അതു സ്വയം പ്രതിനിധാനംചെയ്യുന്ന രാഷ്ട്രത്തിന്റെ മാത്രമല്ല, മറെറല്ലാ ലോകരാഷ്ട്രങ്ങളുടെയും ബഹുമാനമഹിക്കുന്നു. അസ്വതന്ത്രമായിരുന്നകാലത്തു് ഭാരതത്തിനു സ്വീകാര്യതയും സ്വീകൃതവുമായ ഒരു ദേശീയഗാനമുണ്ടായിരുന്നില്ല. എന്നാൽ, രാഷ്ട്രപിതാവായ മഹാത്മജിയുടെ മഹനീയനേതൃത്വത്തിൽ ഭാരതം ഒരു സ്വതന്ത്രരാഷ്ട്രമായതോടുകൂടി നമ്മുടെ സംസ്കാരത്തിനും ഗാനവൈവേത്തിനും അനുഗ്രഹണമായ ഒരു ദേശീയഗാനം അംഗീകരിക്കേണ്ടതായിവന്നു. ആ സന്ദർഭത്തിലാണു് ടാഗോറിന്റെ 'ജനഗണമന'ഗാനം ഭാരതീയരുടെ ശ്രദ്ധയെ സവിശേഷമായി ആകർഷിച്ചതു്. സ്വീകാര്യമംഗളപ്രദമായ ആ വിശ്വശക്തിയുടെ അനുഗ്രഹംകൊണ്ടു് ഭാരതം സ്വാതന്ത്ര്യത്തിലേക്കും സൗഭാഗ്യത്തിലേക്കും ഉന്നമിക്കുന്നു മധുരമായ ഒരു ഭാവുകപ്രതീക്ഷയാണു് ആ ഗാനത്തിലെ പ്രതിപാദ്യം. മഹാത്മാ ഗാന്ധി ഈ ഗാനത്തെ പ്രശംസിച്ചതു് ഇങ്ങനെയാണു്: ''പ്രചോദനകരമായ ഈ സംഗീതം ആയിരമായിരം കണ്ണുങ്ങളിലൂടെ എത്രയോ പ്രാവശ്യം ശ്രവണഗോചരമായി. ഇതു് ഒരു ഗാനം മാത്രമല്ല; ഭക്തിമയമായ ഒരു സൂക്തവുമാണു്.....'' ദേശീയഗാനത്തിന്റെ ഉദ്ഭവവും ചരിത്രവും പ്രതിപാദിക്കുന്നതിനോടൊപ്പം, അതിന്റെ അർത്ഥവും വ്യാഖ്യാനവും, ഏതേതു സന്ദർഭങ്ങളിൽ ആലപിക്കണമെന്നുള്ള നിർദ്ദേശങ്ങളും ഒക്കെ ചേർന്നതാണു് ഡോക്ടർ പി. കെ.യുടെ ഈ പുസ്തകം.

നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
തിരുവനന്തപുരം എറണാകുളം തൃശ്ശൂർ
പാലക്കാട് കണ്ണൂർ കൊല്ലം